(ബി) റബ്ബർ മാർക്കറ്റിലെ ഏറ്റക്കുറച്ചിലിൽ വന്ന സാമ്പത്തിക നഷ്ടംമൂലം ഈ സ്ഥാപനം പ്രതിസന്ധിയിലെത്തിയ കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ;

(സി) വളരെയധികം പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ നല്കുന്ന ഈ സ്ഥാപനം നില നിർത്താനായി സർക്കാർ എന്തു നടപടി കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഇതിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ സാമ്പത്തിക സഹായം നല്കാനോ സ്ഥാപനത്തിൽ സർക്കാർ ഷെയർ എടുക്കാനോ ഉള്ള നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്.

(സി) ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ഈ സ്ഥാപനത്തെ 30/11/2000-ൽ പീഡിത വ്യവസായമായി (സിക്ക് യൂണിറ്റ്) രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) കോന്നി എസ്.ബി.റ്റി. ശാഖ വഴിയും സർക്കാരിന്റെ പീഡിത വ്യവസായ ഫണ്ടും കെ.എസ്.ഐ.ഡി.സി. വഴി ഷെയർക്യാപ്പിറ്റലും ലഭ്യമാക്കി സ്ഥാപനം ലാഭകരമായി പ്രവർത്തിപ്പിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

വ്യവസായം തുടങ്ങുന്നതിനു വേണ്ടിയുള്ള ഇന്റർവ്യൂ

22 (534)ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്ക് വ്യവസായകേന്ദ്രത്തിൽ നിന്നും 1998-99, 1999-2000 കാലയളവിലും, നവംബർ 2000 വരെയും എത്രപേർക്ക് വ്യവസായം തുടങ്ങുന്നതിനു വേണ്ടിയുള്ള ഇന്റർവ്യൂ നടത്തി അനുമതി നൽകിയിട്ടുണ്ട്;

(ബി) ഏതെല്ലാം ബാങ്ക് വഴിയാണ് ഇവർക്ക് ധനസഹായം നൽകിയത്; എത്ര രൂപ വീതമാണെന്ന് വ്യക്തമാക്കുമോ;

(സി) വ്യവസായ കേന്ദ്രം തെരഞ്ഞെടുത്ത എത്രപേർക്ക് ബാങ്കുകൾ ധനസഹായം നൽകിയിട്ടില്ലാ എന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ ബാങ്കുകൾക്ക് എതിരെ നടപടി സ്വീകരിക്കുന്നതിന് നിലവിൽ എന്തെങ്കിലും നിയമം ഉണ്ടോ; ഇതനുസരിച്ച് സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) വ്യവസായകേന്ദ്രം തെരഞ്ഞെടുക്കുന്നവർക്ക് കൃത്യമായും ധനസഹായം നൽകാൻ സർക്കാർ അടിയന്തിരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നെടുമങ്ങാട് താലൂക്ക് വ്യവസായകേന്ദ്രത്തിൽ നിന്നും പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി പ്രകാരം 1998-99 വർഷത്തിൽ 593 പേർക്കും 1999-2000-ൽ 544 പേർക്കും, 2000-2001 വർഷത്തിൽ ഇതുവരെയായി 486 പേർക്കും വ്യവസായം, സർവീസ്, ബിസിനസ് എന്നീ മേഖലകളിൽ സ്വയം

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ തുടങ്ങുന്നതിനായി ഇന്റർവ്യൂ നടത്തി അനുമതി നൽകി യിട്ടുണ്ട്.

(ബി) നെടുമങ്ങാട് താലൂക്കിന്റെ കീഴിലുള്ള 35 ബാങ്കുകളിൽ നിന്നായി 1998-99 വർഷത്തിൽ 285 പേർക്ക് 1,45,76,211 രൂപയും 1999-2000 വർഷത്തിൽ 138 പേർക്ക് 71,33,328 രൂപയും 2000-2001 വർഷത്തിൽ 13 പേർക്ക് 7,57,500 രൂപയും ധനസഹായം നൽകിയിട്ടുണ്ട്. ബാങ്കുകളുടെ പേരും ഓരോ ബാങ്കും വിതരണം ചെയ്ത തുക സംബന്ധിച്ച വിവരവും അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) ടാസ്ക്ഫോഴ്സ് കമ്മിറ്റി തെരഞ്ഞെടുത്തതിൽ 1998-99 വർഷ ത്തിൽ 308 പേർക്കും 1999-2000-ൽ 406 പേർക്കും ധനസഹായം നൽകി യിട്ടില്ല. 2000-2001 വർഷത്തിലെ ധനസഹായത്തിന്റെ വിവരം 2001 മാർച്ച് 31-ാം തീയതിയോടുകൂടിയേ കൃത്യമായി ലഭിക്കുകയുള്ളൂ.

(ഡി) ടാസ്ക് ഫോഴ്സ് കമ്മിറ്റി തെരഞ്ഞെടുക്കുന്ന എല്ലാ അപേക്ഷ കരേയും ബാങ്ക് പരിഗണിക്കേണ്ടതില്ല. ഓരോ ബാങ്ക് ബ്രാഞ്ചിനും നൽകിയി ട്ടുള്ള ലക്ഷ്യം മാത്രം ബാങ്ക് പരിഗണിച്ചാൽ മതിയാകുന്നതാണ്. പി.എം.ആർ. വൈ. കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാലും വായ്പ സഹായം നൽകുന്നത് ബാങ്കുകൾ മുഖേന ആയതിനാലും ബാങ്കുകൾക്ക് എതിരായ പരാതിക ളിൻമേൽ സംസ്ഥാന സർക്കാരിന് നേരിട്ട് നടപടി സ്വീകരിക്കുന്നതിന് സാദ്ധ്യമല്ല. എന്നാൽ എന്തെങ്കിലും പരാതി ഉണ്ടാകുന്നപക്ഷം അവ ജില്ലാതല/സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുടേയും റിസർവ് ബാങ്കി ന്റെയും കേന്ദ്രഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്താറുണ്ട്.

(ഇ) പരമാവധി അപേക്ഷകർക്ക് വായ്പ അനുവദിക്കുന്നതിന് ബാങ്കുകളുമായി സഹകരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

"ഉഷ സ്കൂൾ ഓഫ് അത്ലറ്റിക്സിന്" സഹായം

23 (537)ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വ്യവസായ വകുപ്പ്, കായിക പ്രതിഭ പി.ടി.ഉഷയുടെ നേതൃത്വത്തിലുള്ള "ഉഷ സ്കൂൾ ഓഫ് അത്ലറ്റിക്സിന്" എന്തെല്ലാം സഹായം നല്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതിന്റെ വിശ ദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇതിനായി 30 ഏക്കർ ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്നതിന് കിൻഫ്രായെ നോഡൽ ഏജൻസി ആക്കാനുള്ള ഒരു നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ഇത് പരിശോധിച്ച് വരുന്നതേയുള്ളൂ.

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly